(ii) Housing of the poor affected by acquisition of lands

മിസ്റ്റർ കെ. കെ. കണ്ണൻ: "To reduce the allotment of Rs. 6,60,282 for Land Revenue proper in Demand No. 1 by Re. 1. (To impress upon the Government the necessity for assigning or acquiring new house sites for those poor people who are going to be evicted consequent on the acquisition of lands for the Vypeen-Pallipuram road works) സർ, ഈ കാര്യത്തെക്കുറിച്ചു ഈ നിയമസഭയിൽ ചോദ്യോത്തരങ്ങളും ഉണ്ടായിട്ടുണ്ട്. വൈപ്പിൻ പള്ളിപ്പുറം റോഡിന്റെ വീതി 80 അടിയാണെന്നാണ് ഞാൻ അറിയുന്നതു്. അതു കൂടാതെ ആ റോഡിന്റെ ഇരുവശങ്ങളിലും ഫുട്പാത്തുകളുണ്ടാക്കുന്നുണ്ടാകാം. ഈ റോഡിന്റെ ഇരുവശങ്ങളിലുമുള്ള സാധുക്കൾക്കും, ധനവാന്മാരുണ്ടെങ്കിൽ അവർക്കും ഒഴിഞ്ഞുപോകേണ്ടിവന്നേക്കാം. അങ്ങിനെ റോഡുപണിമൂലം ഭവനരഹിതരായിത്തീരുന്ന സാധുക്കളായ ആളുകൾക്കു താമസിക്കുന്നതിനു പുറംപോക്കു സ്ഥലങ്ങളും ഗവൺമെണ്ടിന്റെ കൈവശമുണ്ടെങ്കിൽ അതു പതിച്ചുകൊടുക്കണം. പുറംപോക്കുസ്ഥലങ്ങളും ഇല്ലെങ്കിൽ സൌകര്യമുള്ള മറ്റു സ്ഥലങ്ങളിൽ അവർക്കു താമസിക്കാനുള്ള ഭൂമി അകപയർചെയ്തു കൊടുക്കണമെന്നാണ് ഈ ഖണ്ഡനോപക്ഷേപംകൊണ്ടു ഞാൻ ഗവൺമെണ്ടിനോടാവശ്യപ്പെടുന്നതു്. ഇതു വളരെ ന്യായവും അത്യാവശ്യവുമായ ഒരു സംഗതിയായതുകൊണ്ടു് തക്ക നടപടി എടുക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി ഞാൻ ഈ സംഗതി ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തുന്നു.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: വൈപ്പിൻ-പള്ളിപ്പുറം റോഡിനുള്ള സ്ഥലം ഗവൺമെണ്ടിൽ നിന്നും അകപയർചെയ്യുമ്പോൾ ആ സ്ഥലത്തു താമസിക്കുന്നവരിൽ പലർക്കും വീടുകൾ ഒഴിഞ്ഞുപോകേണ്ടിവരുമെന്നു ഗവൺമെണ്ടിനു അറിയാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ കൊച്ചി രാജ്യത്തിൽ ഗവൺമെണ്ടിന്റെ ആവശ്യത്തിനുവേണ്ടി ഇങ്ങിനെ സ്ഥലങ്ങൾ എടുക്കേണ്ടിവരുന്ന അവസരങ്ങളിൽ അതായതു സ്ഥലങ്ങളിൽ താമസിക്കുന്നവർക്കു ഒഴിഞ്ഞുപോകേണ്ടിവരുന്നപക്ഷം അവർക്കെല്ലാപേർക്കും ഇങ്ങിനെ സ്ഥലം കൊടുക്കണമെന്ന General view സ്വീകരിക്കാൻ നിവൃത്തിയില്ല. നിവൃത്തിയുള്ളിടത്തോളം, പുറമ്പോക്കു സ്ഥലങ്ങളുണ്ടെങ്കിൽ കൊടുക്കാൻ തയ്യാറാണു്. വാസ്തവത്തിൽ ബ്രിട്ടീഷിൽ ഇങ്ങിനെ സ്ഥലം അകപയർചെയ്യുന്ന സമയത്തു അവിടങ്ങളിൽ താമസിക്കുന്നവർക്കു സ്ഥലം കൊടുക്കുന്നതു തീരെ വിജനപ്രദേശങ്ങളിൽനിന്നാണു്. എന്നാൽ കൊച്ചിയിൽ ഇങ്ങിനെ വിജനപ്രദേശങ്ങളും ഇല്ലാത്തതുകൊണ്ടു അകപയർചെയ്യുന്ന സ്ഥലത്തിനു പകരം സ്ഥലം എടുത്തുകൊടുക്കാൻ വളരെ പ്രയാസമുണ്ടു്.

മിസ്റ്റർ കെ. കെ. കണ്ണൻ: താമസിക്കാൻ സ്ഥലമുള്ളവർക്കു കൊടുക്കണമെന്നല്ല, എടുക്കുന്ന സ്ഥലത്തു താമസിക്കുന്നവരിൽ താമസിക്കുന്നതിനു സ്വന്തം സ്ഥലം വേറെയുള്ളവരും ഇല്ലാത്തവരുമുണ്ടാകും. അതിൽ സ്വന്തം സ്ഥലം ഇല്ലാത്തവർക്കു കൊടുക്കണമെന്നാണു ഞാൻ പറയുന്നതു്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: നിവൃത്തിയുള്ളിടത്തോളം ഗവൺമെണ്ടു കൊടുക്കുന്നുണ്ടു്. പക്ഷെ അതു ഒരു പോളിസിയായി സ്വീകരിക്കണമെന്നു പറയുന്നതാണു ഗവൺമെണ്ടിനു വിഷമം. നിവൃത്തിയുള്ളിടത്തോളം പുറമ്പോക്കുസ്ഥലങ്ങളുണ്ടെങ്കിൽ കൊടുക്കാൻ തയ്യാറാണു്. ആ ഒരു കാര്യം ബഹുമാനപ്പെട്ട മെമ്പർ അറിഞ്ഞാൽകൊള്ളാമെന്നുണ്ടു്. ഈവക കാര്യങ്ങളും കഴിയുന്നിടത്തോളം അനുഭാവത്തോടുകൂടിയാണു ഗവൺമെണ്ടു വീക്ഷിക്കുന്നതു്. പക്ഷെ ഇതു ഒരു പ്രിൻസിപ്പിളായി സ്വീകരിക്കണമെന്നുപറഞ്ഞാൽ അതു സാദ്ധ്യം വിഷമമാണു്.

മിസ്റ്റർ കെ. കെ. കണ്ണൻ: സ്ഥലം ഇല്ലാത്ത ആളുകൾ ബുദ്ധിമുട്ടു അനുഭവിക്കുന്നതു് നമുക്കു അനുവദിച്ചുകൊടുക്കാമൊ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഞാൻ പറഞ്ഞതിന്റെ അർത്ഥം ഇതാണു്. ഈ ആവശ്യത്തിനായി ഗവൺമെണ്ടിനു മറ്റൊരാളുടെ സ്ഥലം അകപയർചെയ്തു കൊടുക്കാൻ വിഷമമുണ്ടു്.

റാവു സാഹിബു് കെ. അയ്യപ്പൻ: ഒരു കാര്യംകൂടി പറയാം. വൈപ്പിൻ പള്ളിപ്പുറം റോഡിന്റെ തെക്കെ ഭാഗത്തിനു ഏകദേശം അടി വീതിയാണു ആദ്യം നിശ്ചയിച്ചിരുന്നതു്. അതിപ്പോൾ ഈ ഒരു കാര്യംകൊണ്ടുമാത്രം കുറച്ചു 80 അടിയാക്കി. ബഹുമാനപ്പെട്ട മെമ്പർ വിചാരിക്കുന്നമാതിരിയുള്ള ആളുകൾ അധികമുണ്ടായിരിക്കുമെന്നു തോന്നുന്നില്ല. തെക്കെ അറ്റത്താണു റോഡിനു വീതി കൂട്ടേണ്ടതു്. വടക്കുഭാഗത്തു അത്രയും വീതി വേണ്ട. അതുകൊണ്ടു ആ ഭാഗത്തുനിന്നു അധികം ആളുകൾക്കു ഒഴിയേണ്ടിവരികയില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. കെ. കണ്ണൻ: സർ, താമസിക്കാൻ സ്ഥലം ഇല്ലാത്തവക്ക കഴിയുന്നിടത്തോളം സ്ഥലം കൊടുക്കാമെന്ന പറഞ്ഞിട്ടുള്ളതനുസരിച്ച ഞാൻ ഈ കട്ട്മോഷൻ പ്രസ്സ ചെയ്യണമെന്നുദ്ദേശിക്കുന്നില്ല. സഭയുടെ അനുവാദത്തോടുകൂടി പിൻവലിക്കുന്നു.

Motion, by leave, withdrawn.

(iii) Leasing of Hill Tracts

*മിസ്റ്റർ പി. നാരായണമേനോൻ: To reduce the allotment of Rs. 6,60,282 for Land Revenue—Land Revenue proper in Demand No. 11 by Re. 1

(The necessity of leasing out suitable lands in the Hill tracts to Cochinites or Companies incorporated in Cochin for encouraging plantations, cultivation of Hill products and other productive industries.)

സർ, ഒരു ഉദ്ദേശം കരുതീട്ടു മാത്രമാണ് ഈ ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നതു്. നമ്മുടെ രാജ്യത്തിൽ Extensive cultivation-ന പരിശ്രമം തുടങ്ങീട്ടു വളരെ കാലമായി. ഇതുവരെ അതു കായ്മായി മുന്നോട്ടു് പോയിട്ടില്ല. ഇവിടെ ആകെയുള്ള ഭൂമിയിൽ ഫ/൯ ഭാഗം കാടായിട്ടാണു് കിടക്കുന്നതു്. ഏതാണ്ടു് ൪ ൦ ൦ നാഴിക വിസ്താരം വരുന്ന കാടു് ഇവിടെയുണ്ടു്. ഇവിടെ നടത്തിയ സാമ്പത്തിക സർവ്വെ റിപ്പോർട്ടിൽ അനേകായിരം ഏക്കർ ഭൂമി കൃഷിചെയ്യാവുന്നതായി കാട്ടിലുണ്ടെന്നു പറയുന്നു. പറമ്പിക്കുളത്തിന്റെ പരിധിയിലാണെന്നാണു് ഞാനോർമ്മിക്കുന്നതു്. കൃഷിക്കുവേണ്ട എല്ലാ പരിതഃസ്ഥിതികളുമുള്ള സമതലമായ ഭൂമി ൨ ൪, ൦ ൦ ൦ ഏക്കറോളം ഉണ്ടെന്നു പ്രസ്താവിച്ചുകാണുന്നു. അതു കൂടാതെ ആനമല റോഡിന്റെ ഇരുവശങ്ങളിലും ഇങ്ങിനെയുള്ള പ്രദേശങ്ങളുണ്ടെന്നറിയുന്നു. ഇത്തരം സ്ഥലങ്ങൾ കൃഷിക്കും ഡയറി ഫാം തുടങ്ങിയ ആവശ്യങ്ങൾക്കും മറ്റുമായി പാട്ടത്തിനു കൊടുക്കുകയാണെങ്കിൽ Extensive cultivation scheme നടപ്പിൽ വരുത്തിയാൽ കൊള്ളാമെന്നുള്ള—ഗവണ്മെണ്ടു് അങ്ങിനെ ഒരു സ്കീം തയ്യാറാക്കീട്ടുണ്ടെന്നു തോന്നുന്നില്ല—ഗവണ്മെണ്ടിന്റെയും ജനങ്ങളുടേയും ആഗ്രഹം, അതു മുന്നോട്ടു കൊണ്ടുപോകാൻ കഴിയും എന്നു ഞാൻ വിശ്വസിക്കുന്നു. ഈ ആവശ്യത്തിലേക്കു് പലരും സ്ഥലം ആവശ്യപ്പെട്ടിട്ടുണ്ടെന്നും, അതു ഗവണ്മെണ്ടിന്റെ അനാസ്ഥകൊണ്ടോ അല്ലെങ്കിൽ, റിസർവ് ഫാറസ്റ്റിലെ സ്ഥലം കൊടുക്കുന്നതു ശരിയല്ലെന്നു വിചാരിച്ചോ അതു പതിച്ചുകൊടുത്തിട്ടില്ലെന്നും പറഞ്ഞു കേൾക്കുന്നുണ്ടു്. അതെത്രത്തോളം വാസ്തവമാണെന്നറിഞ്ഞുകൂടാ. ഏതായാലും ആ സ്ഥലം പതിച്ചു കൊടുക്കേണ്ടതാണു്. ഇവിടെ കൃഷി വികസിപ്പിക്കേണ്ടതാണെന്ന കാര്യത്തിൽ സംശയമില്ല.

പിന്നെ, ഒരു കാര്യംകൂടി ഇവിടെ ഗവണ്മെണ്ടിനെ ധരിപ്പിക്കേണ്ടതുണ്ടു്. ഇവിടെ കൃഷിശാസ്ത്രം പഠിപ്പിക്കാൻ രണ്ടു് സ്കൂളുകളുണ്ടു്. അവിടെ പഠിച്ചിട്ടുള്ള അനേകം കുട്ടികൾ മറ്റു ജോലികളിൽ പ്രവേശിച്ചു അവരുടെ കാലക്ഷേപത്തിനു മാർഗ്ഗം കാണുകയാണു്. പഠിച്ചിട്ടുള്ളതു കൃഷിശാസ്ത്രമാണെങ്കിലും സ്വന്തം ഭൂമി കൃഷിക്കില്ലാത്തതുകൊണ്ടു് അവർ മറ്റു ജോലികളിൽ പ്രവേശിക്കേണ്ടിവരുന്നു. അവർ കൃഷിയിൽ പ്രവേശിച്ചു ശാസ്ത്രീയ കൃഷിയുടെ ഗുണം എന്താണെന്നു മറ്റുള്ളവർക്കു മനസ്സിലാകത്തക്കവിധത്തിൽ അവർക്കു ഭൂമികൊടുത്തു കൃഷിക്കു പ്രോത്സാഹനം കൊടുക്കേണ്ടതാണു്. പഠിക്കുന്നകാലത്തു ഈ കുട്ടികളിൽ ഓരോന്നിനു കൊടുക്കുന്ന സ്റ്റൈപൻഡു് സംഖ്യയിൽനിന്നു ദിവസം ഒന്നുക്കു് ൨½ അണയൊ ന്നു½ അണയൊ മറ്റൊ പിടിച്ചെടുത്തുവരുന്നുണ്ടു്. അങ്ങിനെ പിടിച്ചെടുക്കുന്ന രണ്ടു് കൊല്ലത്തെ സംഖ്യ അവർ വിദ്യാഭ്യാസം കഴിഞ്ഞു പോകുന്ന സമയത്തു തിരുമിച്ചു കൊടുക്കുകയാണു് ചെയ്യുന്ന പതിവു്. ഇങ്ങിനെ തിരുമിച്ചു കൊടുക്കുന്നതായാൽ വല്ല ചെറിയ ചെറിയ കൃഷിയിലും പ്രവേശിച്ചുകൊള്ളുമെന്ന ഉദ്ദേശമാണു് ഗവണ്മെണ്ടിനുള്ളതെന്നു തോന്നുന്നു. പക്ഷെ ഭൂമി സ്വന്തം ഇല്ലാത്തതുകൊണ്ടു് ഈ സംഖ്യ വേറെ വല്ല കാര്യത്തിൽ ദുർവ്യയം ചെയ്യുമെന്നല്ലാതെ ഈ വിഷയത്തിലേക്കു ചിലവു ചെയ്കയില്ല. ഈ സംഖ്യ ഇങ്ങിനെ കൊടുത്തു അവരെ വെറുതെ പറഞ്ഞയക്കുന്നതിനു പകരം കർഷക പരസ്പരസഹായസംഘങ്ങൾ രൂപീകരിച്ചു ഈ വിദ്യാലയത്തിൽ പഠിച്ചു പാസ്സായി പോകുന്ന വിദ്യാർത്ഥികളെക്കൂടി അംഗങ്ങളായി ചേർത്തുകൊണ്ടു്, കൃഷിചെയ്യാവുന്നിടത്തോളം സ്ഥലങ്ങൾ അങ്ങിനെയുള്ള സംഘങ്ങൾക്കു എല്പിച്ചു കൊടുത്താൽ കൃഷിപരിശീലന വിദ്യാലയങ്ങളെകൊണ്ടും ആ വി

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly